**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ് – ലീഗൽ മെട്രോളജി- ജീവനക്കാര്യം- സമാശ്വാസ തൊഴിൽദാന പദ്ധതി -ലീഗൽമെട്രോളജി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യവരവെ മരണമടഞ്ഞ വസന്തകുമാരി പി. യുടെ മകൻ ശ്രീ. ഷൈൻ കമലിന് ഇൻസ്പെക്റ്റിങ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

**സ.ഉ.(കൈ)നം.3/2025/സിഎഡി.** **തീയതി, തിരുവനന്തപുരം, 14-01-2025.**

---

പരാമർശം:
1. സ.ഉ. (പി) നം.12/1999/ഉഭപവ, തീയതി, 24-05-1999.
2. സ.ഉ.(പി) നം.33/2014/ഉഭപവ, തീയതി, 26-09-2014.
3. സ.ഉ.(കൈ) നം.5/2018/ഉഭപവ, തീയതി, 21-02-2018.
4. സ.ഉ. (പി) നം.7/2018/ഉഭപവ, തീയതി, 28-04-2018.
5. സ.ഉ.(പി) നം. 12/2023/ഉഭപവ, തീയതി, 14-07-2023.
6. സ.ഉ.(പി) നം. 21/2023/ഉഭപവ, തീയതി, 09-11-2023.
7. ശ്രീ. ഷൈൻ കമൽ സമർപ്പിച്ച 03.08.2021, 04.05.2024 തീയതികളിലെ അപേക്ഷ.
8. കൊല്ലം ജില്ലാ കളക്ടറുടെ 20.09.2023 ലെ ഡിസികെഎൽഎം./13119/2021/S4 നമ്പർ കത്ത്.
9. ലീഗൽ മെട്രോളജി കൺട്രോളറുടെ 22.11.2023, 11.04.2024, 19.08.2024, 20.11.2024, 29.11.2024 തീയതികളിലെ LMD-HQ/2124/2023-B1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലീഗൽ മെട്രോളജി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ 23.01.2021-ൽ മരണപ്പെട്ട വസന്തകുമാരി പി.-യുടെ മകൻ ശ്രീ. ഷൈൻ കമൽ സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം സർക്കാർ സർവീസിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (7) പ്രകാരം സമർപ്പിച്ച അപേക്ഷ കൊല്ലം ജില്ലാ കളക്ടറുടെ ശിപാർശ സഹിതം തുടർനടപടികൾക്കായി പരാമർശം (9) പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ സമർപ്പിച്ചിരുന്നു.

2) ലീഗൽമെട്രോളജി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവമനുഷ്ഠിക്കവെ 23-01-2021-ൽ മരണപ്പെട്ട വസന്തകുമാരി പി.-യുടെ മകനും ആശ്രിതനുമായ ശ്രീ.ഷൈൻ കമലിന്റെ ജനനത്തീയതി 31-05-1983 ആണെന്നും, ടിയാൻ എസ്.എസ്.എൽ.സി., വി.എച്ച്.എസ്.ഇ. പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും, അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2,42,180/- രൂപ

(രണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി ഒരുന്നൂറ്റി എൺപത് രൂപ മാത്രം) ആണെന്നും, പരേതയുടെ മറ്റവകാശികൾ ആശ്രിതനിയമനത്തിനുള്ള അവകാശം അപേക്ഷകന് നൽകിക്കൊണ്ടുള്ള സമ്മതം അറിയിച്ചിട്ടുണ്ടെന്നും, അപേക്ഷകൻ മറ്റ് അവകാശികളെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ടെന്നും, ആയതിനാൽ ശ്രീ.ഷൈൻ കമലിന് സമാശ്വാസ തൊഴിൽദാനപദ്ധതിപ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും പരാമർശം (8) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽമെട്രോളജി വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവമനുഷ്ഠിക്കവെ 23-01-2021-ൽ മരണപ്പെട്ട വസന്തകുമാരി പി.-യുടെ മകനും ആശ്രിതനുമായ ശ്രീ.ഷൈൻ കമലിന് (വസന്തം, പി വി നോർത്ത്, തഴവ പി ഓ. കരുനാഗപ്പള്ളി, കൊല്ലം പിൻ 690523) സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം പരാമർശം (1) ലെ സർക്കാർ ഉത്തരവിലെയും തുടർന്നുള്ള ഭേദഗതികളിലെയും വ്യവസ്ഥകൾക്കും, ചുവടെ പറയുന്ന മറ്റ് നിബന്ധനകൾക്കും വിധേയമായി ലീഗൽമെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിങ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ലീഗൽമെട്രോളജി കൺട്രോളർ വകുപ്പിൽ നിലവിലുള്ളതോ സമീപഭാവിയിൽ ഉണ്ടാകുന്നതോ ആയ ഒഴിവിൽ ടിയാന് എത്രയും വേഗം നിയമന ഉത്തരവ് നൽകേണ്ടതാണ്.

i) ആശ്രിത നിയമനപദ്ധതി പ്രകാരമുള്ള ഇൻസ്പെക്ടിങ് അസിസ്റ്റന്റ് തസ്തികയിൽ മേൽ നിയമനം ടി തസ്തികയിൽ ആകെ നിയമനത്തിന്റെ 5%ൽ അധികരിക്കരുത്.

ii) അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയിൽ, ആരോഗ്യക്ഷമത തുടങ്ങിയ കാര്യങ്ങൾ തെളിയിക്കുന്നതിനുള്ള അസ്സൽ സാക്ഷ്യപത്രങ്ങൾ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ടിയാൻ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

iii)സാധുവായ അപേക്ഷ തീയതിയെ അടിസ്ഥാനമാക്കി അപേക്ഷകന്റെ സീനിയോറിറ്റി കണക്കാക്കേണ്ടതാണ്.

iv) ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പൂർവകാല ചരിത്രം, ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

v) അപേക്ഷകന് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതയായ ജീവനക്കാരിയുടെ സർവീസ് ബുക്കിലും അവസാനമായി ജോലിനോക്കിയ ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും ഓഫീസ് മേധാവി അത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

vi) ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (3) ലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

vii) ഈ പദ്ധതി പ്രകാരം ജോലിയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ, ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷകൻ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ എന്തെങ്കിലും വിവരം മറച്ചുവയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഭാവിയിൽ ബോദ്ധ്യപ്പെട്ടാൽ ടിയാളുടെ നിയമനം റദ്ദാക്കുന്നതാണ്.

viii) നിയമന ഉത്തരവിന്റെ പകർപ്പ് വകുപ്പ് മേധാവി താമസംവിനാ സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
അജിത് കുമാർ ഐ.എ.എസ്.
സെക്രട്ടറി

ലീഗൽ മെട്രോളജി കൺട്രോളർ, തിരുവനന്തപുരം.
ശ്രീ.ഷൈൻ കമൽ, വസന്തം, പി.വി.നോർത്ത്, തഴവ പി.ഒ., കരുനാഗപ്പള്ളി,കൊല്ലം-690523.
(രജിസ്റ്റേർഡ് തപാൽ മുഖേന)
ജില്ലാ കളക്ടർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
നവ-ദൃശ്യ-അച്ചടി വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി (CA4/121/2023-CAD)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ